പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 27

28.11.2018 ൽ
മറുപടിക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സംവരണതത്വം പാലിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ. ബഷീർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) കെ.എ.എസ്. പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; പരീക്ഷ നടത്തിപ്പിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചുകൊണ്ട് 29.12.2017 ന് SRO No.861/2017 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും പരീക്ഷാ വിജ്ഞാപനത്തിനായുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെടുകയുമുണ്ടായി (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). എന്നാൽ വിജ്ഞാപനത്തിൽ ചില ഭേദഗതികൾ ആവശ്യമായ സാഹചര്യത്തിൽ പ്രസ്തുത ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) പുതുതായി രൂപികരിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ, ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് ഉറപ്പ് നൽകുന്ന സംവരണതത്വം എല്ലാ സ്ട്രീമിലും ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) Stream I ൽ പൊതുസംവരണ തത്വങ്ങൾ ബാധകമാണ്. തസ്തികമാറ്റം വഴി നിയമനം നടത്തുന്ന Stream II, III എന്നിവയിൽ സംവരണം ഏർപ്പെടുത്തിയിട്ടില്ല. |
| സി) കെ.എ.എസ്.ലെ സ്ട്രീം 2, സ്ട്രീം 3 റിക്രൂട്ട്മെന്റുകൾക്ക് സാമുദായിക സംവരണം അനുവദിക്കുന്നതിന് എന്താണ് തടസ്സമായിട്ടുള്ളത്; വ്യക്തമാക്കാമോ; കെ.എ.എസ്.ലെ രണ്ടും മൂന്നും സ്ട്രീമുകളിലെ നിയമനം സംബന്ധിച്ച് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ, കേരള സംസ്ഥാന | സി) Stream I ൽ സംവരണം ബാധകമാണ്. തസ്തികമാറ്റം വഴിയുള്ള Stream II, III നിയമനങ്ങളിൽ സംവരണം ബാധകമല്ല. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ |

പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ ഇവർ പ്രസ്താവിച്ച വിധികൾ എന്തായിരുന്നു; പകർപ്പ് ലഭ്യമാക്കുമോ; എങ്കിൽ പ്രസ്തുത വിധികളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി എന്തെല്ലാമാണ്; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇവയിൽ തീരുമാനമെടുക്കാതെയും സംവരണ തത്വങ്ങൾ പാലിക്കാതെയും നോട്ടിഫിക്കേഷനുമായി മുന്നോട്ട് പോകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

എന്നിവരുടെ വിധിപകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡി) ഇക്കാര്യത്തിൽ നിയമ വകുപ്പ് സെക്രട്ടറി നൽകിയ നിയമോപദേശം എന്തായിരുന്നു; ആയതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;നിയമനത്തിൽ എല്ലാ സ്കീമിലും സംവരണ തത്വം പാലിക്കാതെ പോകുമ്പോൾ സംവരണ സമുദായങ്ങൾക്കുണ്ടാകുന്ന നഷ്ടം എത്രയെന്ന് ഓരോ സ്കീമിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ ആയത് എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കുമോ;

ഡി) നിയമോപദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. കെ.എ.എസ്. ൽ സംവരണം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ നൽകിയിട്ടുള്ള നിയമോപദേശമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ഇ) ഭരണ ഘടന ഉറപ്പ് വരുത്തുന്ന സാമുദായിക സംവരണം നഷ്ടപ്പെടാതിരിക്കാനും തദ്വാരാ സംവരണ വിഭാഗങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനും ഓരോ സ്കീമിലും സംവരണവും മെരിറ്റും 50:50 അനുപാതം ഉറപ്പു വരുത്തുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഇ) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്ക് പൊതുസംവരണതത്വം ബാധകമാണ്. എന്നാൽ തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾക്ക് സംവരണം ബാധകമല്ല.

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA
PERSONNEL & ADMINISTRATIVE REFORMS (AR 12)DEPARTMENT

No.803512/AR 12(1)/2016/ P & ARD

Thiruvananthapuram,
Dated : 01/01/2018

From

The Principal Secretary to Government

To

The Secretary,
Kerala Public Service Commission,
Pattom, Thiruvananthapuram.

Sir,

Sub: Personnel & Administrative Reforms Department – Kerala Administrative Service – Request for initiating of selection procedures – reg.

Ref: 1) Your letter No.AV(2)654/2017/GW dated 16.11.2017.
2) G.O.(P)No.12/2017/P&ARD dated 29.12.2017.
3) Gazette Notification SRO No.861/2017 dated 29.12.2017.

I am to invite your attention to the references cited. I am enclosing herewith a copy of the Gazette Notification SRO No.861/2017 dated 29.12.2017 requesting to initiate the recruitment process for the implementation of Kerala Administrative Service in the State immediately.

Yours faithfully

BISHWANATH SINHA
*Principal Secretary to Government*

അനുബന്ധം II



# കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ, തിരുവനന്തപുരം

ഹാജർ: ബി.എസ്.മാവോജി IAS(Rtd), ചെയർമാൻ
എസ്. അജയകുമാർ എക്സ്.എം.പി, മെമ്പർ
അഡ്വ. സിജ പി.ജെ, മെമ്പർ

## നം. 1565/A2/2018/TVM/KSCSC&ST

ഹർജിക്കാരൻ : ശ്രീ. വണ്ടിത്തടം മധു,
പി.കെ.എസ്. സ്റ്റേറ്റ് കമ്മിറ്റി ട്രഷറർ.
റ്റി.സി.നം.27/2253,സ്റ്റാച്ചു,
ജി.എച്ച് റോഡ്, തിരുവനന്തപുരം.

Vs

എതിർകക്ഷികൾ :
1. ചീഫ് സെക്രട്ടറി,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ സെക്രട്ടറി,
പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ്
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ സെക്രട്ടറി,
ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
4. ഡയറക്ടർ,
പട്ടികജാതി വികസന വകുപ്പ്, അയ്യൻകാളി ഭവൻ,
കനകനഗർ, തിരുവനന്തപുരം.
5. സെക്രട്ടറി,
നിയമ വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
6. സെക്രട്ടറി,
കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം.

ഹർജി സംഗതി : കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്-സംവരണ തത്വം പാലിച്ചിട്ടില്ലെന്ന പരാതി - സംബന്ധിച്ച്.

## ഉത്തരവ്

### (കമ്മീഷനുവേണ്ടി -ബി.എസ്.മാവോജി IAS(Rtd), ചെയർമാൻ)

പട്ടികജാതി ക്ഷേമസമിതിയുടെ സംസ്ഥാന ട്രഷറർ ശ്രീ. വണ്ടിത്തടം മധു ആണ് പരാതിക്കാരൻ. ടി-യാന്റെ പരാതി ലക്ഷ്യരേഖ എ1 ആയി രേഖപ്പെടുത്തുന്നു. പരാതിയിൽ ഉന്നയിച്ചിരിക്കുന്ന മുഖ്യ ആരോപണങ്ങൾ താഴെ പറയുന്നവയാണ്.

1. കേരള സംസ്ഥാന സർക്കാർ, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ചട്ടം 2018 (കെ.എ.എസ്) പ്രകാരം പുതുതായി രൂപീകരിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റിവ് സർവ്വീസിൽ നിയമനം നടത്തുന്നത് മൂന്ന് സ്ട്രീമുകളിലായാണ്. ഇതിൽ സ്ട്രീം 1-ൽ

മാത്രമാണ് നിയമാനുസരണമായ സംവരണം അനുവദിക്കുന്നതെന്നും സ്ട്രീം 2, സ്ട്രീം 3 എന്നിവയിൽ തസ്തിക മാറ്റം (ബൈ ട്രാൻസ്ഫർ) പ്രകാരം നിയമനം നടത്തുമെന്നും 2-ഉം 3-ഉം സ്ട്രീമുകളിലെ നിയമനത്തിന് റിസർവേഷൻ ബാധകമല്ലെന്നും ആയതിനാൽ അത് സംസ്ഥാനത്തെ പട്ടികജാതി പട്ടികഗോത്രവർഗ്ഗങ്ങൾക്കും മറ്റു പിന്നോക്കക്കാർക്കും ഉദ്യോഗ നിയമനത്തിൽ നിലനിൽക്കുന്ന സംവരണ അവകാശങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമാണെന്നും ആരോപിക്കുന്നു. കൂടാതെ ഇത് ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം 16(4A)-യുടെ ലംഘനമാണെന്നും ആരോപിക്കുന്നു.

2. റൂൾ 12 പ്രകാരം സ്ട്രീം 2,3 എന്നിവയിലേക്കുള്ള നിയമനങ്ങൾ ഒരേ നിയമനത്തിലെ സർക്കാർ ഉദ്യോഗസ്ഥർക്ക് വേണ്ടിയുള്ള രണ്ടുതരം ക്വാട്ടകളെയാണ് സൂചിപ്പിക്കുന്നതെന്നും, ഇത് ബൈ ട്രാൻസ്ഫർ വഴിയുള്ള നിയമനമായി രേഖപ്പെടുത്തിയിരിക്കുന്നത് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സംവരണം തടയുന്നതിനാണെന്നും ആരോപിക്കുന്നു. കെ.എ.എസ് ഒരു പുതിയ ഉദ്യോഗസ്ഥ ഭരണ സംവിധാനമാകയാൽ ഏതുതരം റിക്രൂട്ട്മെന്റും നേരിട്ടുള്ള റിക്രൂട്ട്മെന്റായി മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളു എന്നും ആയതിനാൽ മൂന്നു സ്ട്രീമുകൾ മുഖാന്തിരമുള്ള റിക്രൂട്ട്മെന്റിനും സംവരണ വ്യവസ്ഥ ബാധകമാക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

3. 'സംവരണം' വ്യക്തികൾക്കല്ല ഭരണഘടന അനുവദിച്ചിട്ടുള്ളത്, പ്രത്യേക വിഭാഗങ്ങൾക്കാണ്. ഈ വിഭാഗത്തിലെ ചില വ്യക്തികൾക്ക് സർക്കാർ സർവ്വീസിലെ എൻട്രി കേഡറിൽ സംവരണാനുകൂല്യം ലഭിച്ചു എന്നതിനാൽ ഒരു സമൂഹത്തിനാകെ കെ.എ.എസ്-ൽ സംവരണാനുകൂല്യം നിഷേധിക്കുന്നത് ഭരണഘടനാവിരുദ്ധവും നീതിനിഷേധവുമാണ്. ഒരു പ്രാവശ്യം സംവരണത്തിന്റെ ആനുകൂല്യം ലഭിച്ച എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് തുടർന്ന് ടി ആനുകൂല്യം നൽകാൻ പാടില്ലായെന്ന ഒരു വ്യവസ്ഥയും ഇന്ത്യൻ ഭരണഘടനയിലില്ല.കോടതി വിധിയും ഇല്ല. ആർട്ടിക്കിൾ 16 (4 A) അനുസരിച്ച് എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് പ്രത്യേക തസ്തികകളിൽ മതിയായ പ്രാധിനിധ്യം ഇല്ല എന്ന് ബോധ്യമായാൽ സംസ്ഥാന സർക്കാരുകൾക്ക് ഉദ്യോഗകയറ്റത്തിന് പോലും (പ്രമോഷൻ) സംവരണം ഏർപ്പെടുത്താം എന്നാണ് Nagaraj & others V. Union of India എന്ന കേസിലും തുടർന്ന് 2017 വരെ നടന്നിട്ടുള്ള നിരവധി വ്യവഹാരങ്ങളിലും ബഹു.സുപ്രീംകോടതി ആവർത്തിച്ച് ഉത്തരവാക്കിയിട്ടുള്ളത്. ഭരണഘടനയുടെ 16 (4 A)-യ്ക്കും - സുപ്രീം

കോടതി വിധികളുടെ അന്തസത്തയ്ക്കുമെതിരായിട്ടാണ് സ്ട്രീം 2, 3 കാറ്റഗറികളിൽ സെലക്ഷൻ നടക്കുന്നത്.

4. സ്ട്രീം 2-ൽ നിയമനത്തിനായി പ്രായ പരിധിയിൽ ഇളവ് നൽകിയത്, സർക്കാർ സ്ട്രീം 2, സ്ട്രീം 3 എന്നിവയിൽ സംവരണം അംഗീകരിക്കുന്നതിന് തുല്യമാണ്.

5. കെ.എ.എസി-ലേയ്ക്ക് മാറ്റപ്പെട്ട തസ്തികകളിൽ 10 ശതമാനം എസ്.സി/ എസ്.ടി. വിഭാഗങ്ങൾക്ക് അർഹതപ്പെട്ടതാണ്. കെ.എ.എസ് 2, 3 സ്ട്രീമുകളിൽ സംവരണമില്ലാത്തതിനാൽ എസ്.സി./എസ്.ടി-ക്കാർക്ക് അർഹതപ്പെട്ട 'ടി' തസ്തികകൾ അവരിൽ നിന്നും കവർന്നെടുത്ത് മുന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന പ്രവർത്തിയാണ് ഇപ്പോൾ ഫലത്തിൽ നടന്നിരിക്കുന്നത്.

6. പബ്ലിക് സർവ്വീസ് കമ്മിഷൻ വഴിയുള്ള സെലക്ഷനുകളിൽ എസ്.എസി/എസ്.ടി വിഭാഗങ്ങൾക്ക് 10% സംവരണം ലഭിച്ചുവരുന്ന സ്ഥാനത്ത് കെ.എ.എസിൽ 3 1/3 ശതമാനമായി വെട്ടിക്കുറയ്ക്കപ്പെട്ടിരിക്കുന്നു.

7. യു.പി.എസ്.സി നടത്തുന്ന ഐ.എ.എസ് അടക്കമുള്ള കേന്ദ്ര സർവ്വീസിൽ സംവരണം നടപ്പാക്കുന്നുണ്ട്. പ്രായപരിധിയിൽ ഇളവ്, മിനിമം മാർക്കിൽ ഇളവ് തുടങ്ങിയ മറ്റാനുകുല്യങ്ങളും ലഭ്യമാണ്. ഇതിന് വിരുദ്ധമായ വ്യവസ്ഥകളാണ് കെ.എ.എസ്-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് ഭരണഘടനയിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന സംവരണ തത്വങ്ങൾക്ക് വിരുദ്ധമാണ്.

ടി പരാതി 4-4-18-ൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച അദാലത്തിൽ പരിഗണിക്കുകയും അദാലത്തിൽ പരാതികക്ഷിയും എതിർകക്ഷികളായ ചീഫ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് സെക്രട്ടറി, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, നിയമ വകുപ്പ് സെക്രട്ടറി, പി.എസ്.സി. സെക്രട്ടറി എന്നിവരുടെ പ്രതിനിധികൾ ഹാജരായി. സർക്കാരിനുവേണ്ടി ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പും, നിയമ വകുപ്പും റിപ്പോർട്ട് നൽകി. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിയമനരീതിയിലെ സ്ട്രീം 2, 3 എന്നിവയിൽ സംവരണം നടപ്പിലാക്കാത്തത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ സർക്കാരിനോട് നിർദ്ദേശിച്ചു. ഈ പരാതി 18-5-18-ന് വീണ്ടും പരിഗണിക്കുകയും സംവരണ വ്യവസ്ഥകളെ സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിക്കുകയും ചെയ്തു. ഇത് ലക്ഷ്യരേഖ ബി -1 ആയും, അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലക്ഷ്യരേഖ ബി - 2 ആയും, നിയമവകുപ്പ് സെക്രട്ടറിയുടെ നിയമോപദേശം ലക്ഷ്യരേഖ ബി -3 ആയും, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് സെക്രട്ടറിയുടെ 13/6/2018-ലെ കത്ത് ലക്ഷ്യരേഖ ബി -4 ആയും രേഖപ്പെടുത്തുന്നു.

സർക്കാർ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടത് സ്ട്രീം 2-നും, സ്ട്രീം 3-നും
സംവരണ വ്യവസ്ഥകൾ ബാധകമാക്കേണ്ടതുണ്ടോ എന്ന കാര്യത്തിലുള്ള
നിയമോപദേശമാണ്. ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശത്തിന്റെ രത്ന
ചുരുക്കം ഇത് സർക്കാരിന്റെ വിവേചനാധികാരത്തിൽപ്പെട്ടതാണെന്നും റിസർവ്വേഷൻ ഒരു
അവകാശമായി ഉന്നയിക്കാൻ (as a matter of right) കഴിയില്ല എന്നുമാണ്. അഡ്വക്കേറ്റ് ജന
റലിന്റെ അഭിപ്രായം സ്ട്രീം 2, സ്ട്രീം 3 എന്നിവയിലേക്കുള്ള നിയമനങ്ങളിൽ റിസർവേഷൻ
പാലിക്കേണ്ട ആവശ്യമില്ല എന്നാണ്. ലക്ഷ്യരേഖ ബി -4 പ്രകാരമുള്ള ഉദ്യോഗസ്ഥ ഭരണ
പരിഷ്ക്കാര വകുപ്പിന്റെ 13/6/2018-ലെ കത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപ
ദേശമാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ലക്ഷ്യരേഖ ബി4 പ്രകാരം സമർപ്പിക്കപ്പെട്ട ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിൽ കെ.
എ.എസ്-ലെ സ്ട്രീം 2,3 എന്നിവയിൽ സംവരണം ഏർപ്പെടുത്തണം എന്ന ആവശ്യം
സർക്കാരിന്റെ സംവരണ നയങ്ങൾക്ക് അനുസരണമല്ലെന്ന് പ്രസ്താവിച്ചിരിക്കുന്നു. കൂടാതെ
ഉദ്യോഗക്കയറ്റത്തിന് സംവരണം നൽകുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമവും സൂചിപ്പിച്ചി
രിക്കുന്നു. ഇവിടെ പ്രസക്തമായ വസ്തുത പ്രൊമോഷനിലെ റിസർവേഷൻ പരാതിക്കാരൻ
ആവശ്യപ്പെട്ടിട്ടില്ല എന്നതാണ്.

ഈ സന്ദർഭത്തിൽ പട്ടികജാതിക്കാർക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള
കേരള സംസ്ഥാന കമ്മീഷന് ഈ വിഷയം പരിഗണിക്കാനുള്ള ആധികാരികത എന്തെന്ന്
പരിശോധിക്കുന്നത് ഉചിതമാണ്.

2007-ലെ പട്ടികജാതിക്കാർക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള ആക്ട്,
സെ.9 പ്രകാരവും 2011-ലെ ചട്ടങ്ങളിൽ ചട്ടം-6 പ്രകാരവും, കേരള സംസ്ഥാനത്ത് ഭരണ
നിർവഹണ സംവിധാനം പരിഷ്ക്കരിക്കുന്നതിനായി രൂപീകരിക്കപ്പെടുന്ന പുതിയ സർവ്വീ
സായ കെ.എ.എസി ലേക്ക് മതിയായ പ്രാതിനിധ്യം പട്ടികജാതി/പട്ടികഗോത്രവിഭാഗ
ങ്ങൾക്ക് ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും, യുക്തമായ ശുപാർശകളും
നിർദ്ദേശങ്ങളും സർക്കാരിന് നൽകുന്നതിനും നിയമാനുസരണം അധികാരപ്പെടുത്തിയിട്ടുള്ള
അധികാരസ്ഥാനമാണ് പട്ടികജാതിക്കാർക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള
കേരള സംസ്ഥാന കമ്മീഷൻ. ആകയാൽ കമ്മീഷൻ അതിന്റെ ചുമതലകൾ നിർവഹിക്കു
ന്നതിന്റെ ഭാഗമായി 2018-ലെ കെ.എ.എസ് റൂൾസും, ബന്ധപ്പെട്ട വകുപ്പുകളും, ചീഫ് സെക്ര
ട്ടറി സമർപ്പിച്ച റിപ്പോർട്ടും, എ.ജിയുടെയും നിയമവകുപ്പ് സെക്രട്ടറിയുടെയും നിയമോപദേ
ശവും വിശദമായി പരിശോധിച്ചു. ഇന്ത്യൻ ഭരണഘടനയുടെയും, ബഹു.സുപ്രീംകോടതി
ഉത്തരവുകളുടെയും അന്തസത്തക്ക് അനുയോജ്യമായി പട്ടികജാതിക്കാർക്കും പട്ടികഗോത്ര
വർഗ്ഗങ്ങൾക്കും അനുവദനീയമായ സംവരണം കെ.എ.എസ് റൂൾസ് 2018 പ്രകാരം അനുവദി

ച്ചിട്ടുണ്ടോ എന്ന് 4/4/2018, 18/5/2018, 22/6/2018 എന്നീ തിയതികളിൽ കൂടിയ കമ്മീഷൻ സിറ്റിംഗിൽ വിശദമായി പരിശോധിച്ചു.

പി.ആന്റ്.എ.ആർ.ഡി സെക്രട്ടറിയുടെയും ചീഫ് സെക്രട്ടറിയുടെയും റിപ്പോർട്ടും എ.ജി. യുടെ നിയമോപദേശവും വ്യക്തമാകുന്നത് റിസർവ്വേഷൻ എന്നത് സർക്കാരിന്റെ വിവേചനാധികാരത്തിൽപ്പെട്ടതാണെന്നും (Discretionary Power) റിസർവ്വേഷൻ ഒരു അവകാശമായി (as a matter of right) ഉന്നയിക്കാൻ കഴിയില്ല എന്നുമാണ്. കൂടാതെ സ്ട്രീം 2,3 എന്നിവയിലേക്ക് റിസർവ്വേഷൻ പാലിക്കേണ്ടതില്ല എന്നും അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെടുന്നു.

കെ.എ.എസ്-ലെ സ്ട്രീം 2,3 എന്നിവയിൽ റിസർവ്വേഷൻ നൽകേണ്ടതില്ല എന്നതാണ് സർക്കാർ നയമെന്ന് ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്നു. ഈ സാഹചര്യത്തിൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന റിക്രൂട്ട്മെന്റുകളിലെ റിസർവ്വേഷൻ വ്യവസ്ഥകൾ പരിശോധിക്കുന്നത് ഉചിതമായിരിക്കും. ഇത് വ്യക്തമാക്കുന്നത് പി.എസ്.സി വഴിയുള്ള എല്ലാ റിക്രൂട്ടുമെന്റുകളിലും റിസർവ്വേഷൻ വ്യവസ്ഥകൾ പ്രാബല്യത്തിലുണ്ട് എന്നാണ്. നാളിതുവരെ ഈ റിസർവ്വേഷൻ വ്യവസ്ഥകൾ സർക്കാർ പിൻവലിച്ചിട്ടില്ല. കെ.എ.എസ്, സ്ട്രീം 1-ൽ സംവരണ വ്യവസ്ഥ ബാധകമാക്കിയിട്ടുണ്ട്. കൂടാതെ സർക്കാർ ഉദ്യോഗസ്ഥർക്ക് അപേക്ഷിക്കാവുന്ന സ്ട്രീം 2-ൽ സംവരണ വിഭാഗത്തിന് വയസ്സിളവ് അനുവദിച്ചിട്ടുണ്ട്. അതായത് സ്ട്രീം രണ്ടിൽ സംവരണ വ്യവസ്ഥ പ്രായത്തിന്റെ കാര്യത്തിൽ മാത്രം അനുവദിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഉദ്യോഗസ്ഥർക്ക് അപേക്ഷിക്കാവുന്ന സ്ട്രീം 2, 3 എന്നിവയിലെ റിക്രൂട്ട്മെന്റ് തസ്തികമാറ്റം (ബൈ ട്രാൻസ്ഫർ) വഴിയാണെന്ന് സൂചിപ്പിച്ചിട്ട് നിയമനത്തിൽ റിസർവ്വേഷൻ നിഷേധിച്ചിരിക്കുന്നു. ഇത് പരസ്പര വിരുദ്ധമായ കാര്യമാണ്. കെ.എ.എസ് റൂൾസ് പ്രകാരം മൂന്ന് സ്ട്രീമിലേക്കുമുള്ള റിക്രൂട്ട്മെന്റും പി.എസ്.സി-യുടെ മത്സര പരീക്ഷവഴിയാണ് നടത്തുന്നത്. ആയതിനാൽ ഈ പുതിയ സർവ്വീസിലേക്കുള്ള നിയമനങ്ങൾ ഒരു പുതിയ റിക്രൂട്ട്മെന്റായി കാണേണ്ടതും അപ്രകാരമുള്ള റിക്രൂട്ട്മെന്റിൽ പി.എസ്.സി പാലിക്കുന്ന റിസർവ്വേഷൻ വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്. ഭരണഘടനയിലെ 16(4-A), 335 എന്നീ അനുച്ഛേദങ്ങൾ പ്രകാരം സർക്കാർ സർവ്വീസിൽ പ്രൊമോഷന് റിസർവ്വേഷൻ ബാധകമാക്കാനും, അങ്ങനെയുള്ള പ്രൊമോഷന് സീനിയോരിറ്റി നൽകാനുമുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ഈ സാഹചര്യത്തിലാണ് സംവരണ വിഭാഗങ്ങൾക്ക് അർഹമായ റിസർവ്വേഷൻ നിഷേധിക്കുന്ന വ്യവസ്ഥകൾ സൃഷ്ടിച്ചിരിക്കുന്നത്. കെ.എ.എസ് എന്ന സർവ്വീസ്, കേരള സിവിൽ സർവ്വീസ് ആയി പരിഗണിക്കപ്പെടുന്നതിനാൽ ഇത് ഐ.എ.എസി-ലേക്കുള്ള ഫീഡർ കാറ്റഗറിയായാണ് കരുതപ്പെടുന്നത്. ആയതിനാൽ ഫീഡർ കാറ്റഗറിയായ കെ.എ.എസിൽ നിന്ന് ആദ്യഘട്ടത്തിൽ തന്നെ പട്ടികജാതി പട്ടികവർഗ്ഗക്കാരെ അകറ്റി നിർത്തിയാൽ ഭാവിയിൽ ഉയർന്ന

തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റത്തിൽ നിന്നും ഒഴിവാക്കപ്പെടും. പട്ടികജാതിക്കാരും പട്ടികഗോത്രവർഗ്ഗ വിഭാഗക്കാരും മറ്റു പിന്നോക്ക വിഭാഗക്കാരുമായ ബഹു ഭൂരിപക്ഷം വരുന്ന ജനവിഭാഗം ആയിരക്കണക്കിന് വർഷങ്ങൾ അടിച്ചമർത്തലിന് വിധേയരായി വിദ്യാഭ്യാസ പരമായും, സാമ്പത്തികമായും, സാമൂഹികമായും പിൻതള്ളപ്പെട്ടതിനുള്ള പരിഹാരമായാണ് സംവരണ വ്യവസ്ഥ ഭാരതത്തിൽ ഭരണഘടനാദത്തമായ അവകാശമായി നിലവിൽ വന്നത്.

സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഉദ്യോഗസ്ഥന് ഐ.എ.എസ്- ലേക്കോ യു.ജി.സി മാനദണ്ഡമുള്ള കോളേജ് ലക്ചറർ പദവിയിലേക്കോ വീണ്ടും മത്സര പരീക്ഷ വഴി തിരഞ്ഞെടുക്കപ്പെടുമ്പോൾ പൂർണ്ണമായ സംവരണം ലഭിക്കുന്നു. ഒരിക്കൽ താഴ്ന്ന തസ്തികയിൽ സംവരണം നേടി വന്ന ആൾക്ക് യു.പി.എസ്.സി ഇരട്ട സംവരണവാദം ഉയർത്തി ഐ.എ.എസ്-ലേക്ക് സംവരണം നിഷേധിക്കുന്നില്ല.

മറ്റൊരു അവകാശവാദം റിക്രൂട്ട്മെന്റ് കഴിഞ്ഞതിനു ശേഷമുള്ള പരിശോധനയിൽ പട്ടികജാതി പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടത്ര പ്രാതിനിധ്യം ഇല്ലെങ്കിൽ ഇവർക്കു വേണ്ടി പ്രത്യേക റിക്രൂട്ട്മെന്റ് പരിഗണിക്കാവുന്നതാണ് എന്നതാണ്. ഈ പരിശോധനയും റിക്രൂട്ട്മെന്റും എന്നു നടക്കുമെന്ന് ഒരു ഉറപ്പും ഇല്ല. ആദ്യത്തെ റിക്രൂട്ട്മെന്റിൽ വന്നവർ ഐ.എ.എസ് പ്രൊമോഷൻ ലഭിച്ച് സർവ്വീസിൽ തുടരുന്നതിനാൽ അവർ സർവ്വീസിൽ നിന്ന് പിരിയുന്നതുവരെ ഐ.എ.എസ്-ൽ ഒഴിവ് ഉണ്ടാകുകയില്ല. അതിനാൽ രണ്ടു തലമുറക്ക് ലഭിക്കേണ്ട അവകാശമാണ് നിഷേധിക്കപ്പെടുന്നത്. കെ.എ.എസ്-ലെ മൂന്ന് സ്ട്രീമുകളിലെ റിക്രൂട്ട്മെന്റും നേരിട്ടുള്ള നിയമനമായി കണക്കാക്കേണ്ടതാണ്. പ്രൊമോഷൻ വഴിയുള്ള നിയമനമായി കണക്കാക്കാൻ ഒരു യുക്തിയും ഇല്ല.

നിയമ വകുപ്പ് സെക്രട്ടറിയുടെ നിയമോപദേശം സ്വയം വിശദീകരിക്കുന്നതാണ്. (Self explanatory) അത് ചുവടെ കൊടുക്കുന്നു.

(1) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്നവർക്ക് അർഹമായ സംവരണം നൽകണമെന്നും സ്ട്രീം 2,3 എന്നീ വിഭാഗങ്ങളിലും സംവരണതത്ത്വം പാലിക്കണമെന്നുമുള്ള ആവശ്യം സംബന്ധിച്ച വിഷയത്തിന്മേലാണ് പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ സർക്കാരിന്റെ വിശദീകരണം തേടിയിരിക്കുന്നത്.

(2) ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം 16(4 എ) പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആനുപാതികമായ പ്രാതിനിധ്യം ഇല്ലായെന്ന് ബോധ്യപ്പെടുന്നപക്ഷം നിയമനത്തിനു മാത്രമല്ല പ്രൊമോഷനിലും സംവരണം ഏർപ്പെടുത്താവുന്നതാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച് അശോകകുമാർ

- താക്കൂർ അദി യൂണിയൻ ഓഫ് ഇന്ത്യ (2008) 6 SCC 1: MANU/SC/1397/2008, UP Power Corporation LTD Vs .Rajesh Kumar & others (MANU/SC/0334/2012) എന്നി വിധിന്യായങ്ങളിൽ ബഹു:കോടതിയുടെ ഈ വിഷയത്തിലുള്ള നിരീക്ഷണം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

> *"Equality in Article 16(1) is individual- specific whereas reservation in Article 16(4) and Article 16 (4-A) is enabling. The discretion of the State is, however, subject to the existence of "backwardness" and "inadequacy of representation" in public employment. Backwardness has to be based on objective factors whereas inadequacy has to factually exist."*
>
> *x x x x x x x x x x x x*
>
> *"The object in enacting the enabling provisions like Articles 16(4), 16(4A) and 16 (4B) is that the State is empowered to identify and recognize the compelling interests. If the State has quantifiable data to show backwardness and inadequacy then the State can make reservations in promotions keeping in mind maintenance of efficiency which is held to be a constitutional limitation on the discretion of the State in making reservation as indicated by Article 335. As stated above, the concepts of efficiency, backwardness, inadequacy of representation are required to be identified and measured".*

(3) ചട്ടത്തിന്റെ തലക്കെട്ട് എന്തു തന്നെ നൽകപ്പെട്ടാലും നിയമന രീതി നേരിട്ടുള്ള
മത്സരപ്പരീക്ഷയിലൂടെയാണ്. സർക്കാർ ജീവനക്കാർക്കായി ആ വിഭാഗത്തിൽ മത്സരം
പരിമിതപ്പെടുത്തിയിരിക്കുന്നു എന്നേയുള്ളു. നാൽപതു വയസ്സുവരെ അപേക്ഷിക്കാ
മെന്നതും സംവരണാനുകൂല്യം ആഗ്രഹിക്കുന്ന നിലവിലുള്ള സർക്കാർ ജീവന
ക്കാർക്ക് അതു ലഭിക്കാൻ നിലവിലുള്ള തൊഴിൽ രാജിവച്ച് ഒന്നാം സ്ട്രീമിലും മത്സരി
ക്കലാണ് ഏക പ്രതിവിധി. ഈ വ്യവസ്ഥയും കോടതിയിൽ അര നാഴിക പിടിച്ചു
നിൽക്കുമെന്നു തോന്നുന്നില്ല. ഉയർന്ന തൊഴിലിലെ ഭരണഘടനാവകാശം ലഭിക്കാ
നുള്ള ജീവസന്ധാരണം തന്നെ രാജിവച്ചൊഴിയണം എന്നാണ് ചട്ടങ്ങൾ നിർബന്ധി
ക്കുന്നത്. മൂന്നാം വിഭാഗത്തിൽ ഗസറ്റഡ് അഥവാ അതിലുയർന്ന തസ്തികയിലുള്ള

50 വയസ്സുവരെയുള്ള സർക്കാർ ജീവനക്കാരെ മാത്രമാണ് പരിഗണിക്കുന്നത്. ഇതു ഒരു 'ബൈ ട്രാൻസ്ഫർ നിയമന' മാണെന്നാണ് സ്പെഷ്യൽ റൂൾ പറയുന്നത്. 28 (ബി) വകുപ്പിൽപ്പെടുന്ന ബൈട്രാൻസ്ഫർ നിയമനം മത്സരപ്പരീക്ഷ വഴിയല്ല നടത്തേണ്ടത്. അത് മെരിറ്റ് കം എബിലിറ്റി അടിസ്ഥാനത്തിൽ അർഹതയുള്ളയാളിന് സീനിയോരിറ്റി അടിസ്ഥാനത്തിൽ നടത്തുന്ന പ്രൊമോഷനാണ്. ഇവിടെ പുതിയ മത്സരപ്പരീക്ഷ വഴി പുതിയ 'റാങ്ക് ലിസ്റ്റ് ' തന്നെ രൂപം കൊള്ളുകയാണ്. ഡി.പി.സി. രൂപീകരിക്കുന്ന സെലക്റ്റ് ലിസ്റ്റല്ല ഇവിടെ കെ.എ.എസ്സിൽ രൂപം കൊള്ളുന്നത്. ഈ വ്യത്യാസവും പരിഗണിക്കേണ്ടതുണ്ട്.

(4) കെ.എ.എസ്സിൽ 1/3 പൊതുമാർക്കറ്റിൽ നിന്നുമുള്ള ബിരുദധാരികളാണ്. അവയിൽ കെ.എസ്.എസ്.ആർ 14 മുതൽ 17 വരെ 50% സാമുദായിക സംവരണം ബാധകമാണ്. 1/3 പ്രൊമോഷനാണ്. ഭരണഘടനയുടെ 16(4) അനുച്ഛേദം ഇപ്രകാരം പറയുന്നു.

(5) *Article 16(4) – "Nothing in this article shall prevent the State from making any provision for the reservation of appointments or posts in favour of any backward class of citizens which, in the opinion of the State, is not adequately represented in the services under the State"*

*Article 16(4-A) – "Nothing in this article shall prevent the State from making any provision for reservation in matters of promotion (with consequential seniority,) to any class or classes of posts in the services under the State in favour of the Scheduled Castes and the Schedules Tribes which, in the opinion of the State, are not adequately represented in the services under the State".*

(6) അശോകകുമാർ താക്കൂർ അഭി യൂണിയൻ ഓഫ് ഇന്ത്യ (2008) 6 SCC 1: MANU/SC/1397/2008 എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ച് ഭരണഘടനയുടെ സംവരണ തത്വങ്ങൾ അടങ്ങുന്ന 16(4), 16(4-എ) അനുച്ഛേദത്തെപ്പറ്റി സമഗ്രമായി അപഗ്രഥിച്ച് വിധി പ്രസ്താവിക്കുകയുണ്ടായി. 93-ാം ഭരണഘടനാ ഭേദഗതിയിൽ ബഹു. സുപ്രീംകോടതി മേൽപ്പറഞ്ഞ അശോകകുമാർ താക്കൂർ കേസ്സിൽ ഇപ്രകാരം പറയുകയുണ്ടായി.

*"It is important to bear in mind the nature of constitutional amendments. They are curative by nature. Article 16 (4) provides for reservation for Backward Classes in cases of inadequate representation in public employment. Article 16(4) is enacted as a remedy for the past historical discrimination against a social class. The object in enacting the enabling provisions like Articles 16(4), 16(4-A) and 16(4-B) is that the State is empowered to identify and recognize the compelling interests. If the State has quantifiable data to show backwardness and inadequacy then the State can make reservations in promotions keeping in mind maintenance of efficiency which is held to be a constitutional limitation on the discretion of the State in making reservation as indicated by Article 335".*

(7) ഇപ്പോൾ 100 ൽ 6 പോസ്റ്റകളാണ് SC/ST വിഭാഗങ്ങൾക്ക് KSSR പ്രകാരം സംവരണം ചെയ്യപ്പെട്ടിട്ടുള്ളത്. അത് സ്ട്രീം ഒന്നിലും രണ്ടിലും SC/ST വിഭാഗങ്ങളെ ഒഴിവാക്കിയാൽ സംവരണാനുകൂല്യം 2/100 ആയി മാറും.

(8) അതുകൊണ്ട് SC/ST വിഭാഗങ്ങൾക്ക് സംവരണം പ്രൊമോഷന്റെ കാര്യത്തിലും കൊടുക്കാവുന്നതാണ്. അതുപോലെ തന്നെ SC/ST വിഭാഗങ്ങൾക്ക് By Transfer എന്ന സ്ട്രീമിലും സംവരണം കൊടുക്കാവുന്നതാണ്. കാരണം അത് മൽസര പരീക്ഷയുടെ അടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനം തന്നെയാണ്, By Transfer എന്ന സ്ട്രീമിലും ഉള്ളത്.

സുതാര്യവും, നിയമപരമായി സാധുതയുള്ളതും, ഭരണഘടനാവ്യവസ്ഥകളും ബഹു. സുപ്രീം കോടതിയുടെ ഉത്തരവുകളും നിരത്തി അതിന്റെ അന്തസ്സത്തക്ക് നിരക്കുന്നതുമായ സുവ്യക്തമായ നിയമോപദേശമാണ് നിയമവകുപ്പ് സെക്രട്ടറി നൽകിയിട്ടുള്ളത്. നിയമ വകുപ്പ് സെക്രട്ടറിയുടെ നിയമോപദേശം സർക്കാർ സ്വീകരിക്കാതിരിക്കുന്നതിന് ഒരു കാരണവും കാണുന്നില്ല.

17-6-1995-ലെ ഇൻഡ്യൻ ഭരണഘടനയുടെ 85-ാം ഭേദഗതി പ്രകാരം അനുച്ഛേദം 16 (4-A) ഇൻഡ്യൻ ഭരണഘടനയിൽ കൂട്ടിച്ചേർക്കപ്പെട്ടു. അത് താഴെ കാണിക്കുന്നു.

"ഈ അനുച്ഛേദത്തിലെ യാതൊന്നും രാഷ്ട്രത്തിന്റെ അഭിപ്രായത്തിൽ രാഷ്ട്രത്തിന്റെ കീഴിലുള്ള സർവ്വീസുകളിലെ ഏതെങ്കിലും തരത്തിലോ തരങ്ങളിലോ ഉള്ള തസ്തികകളിൽ മതിയായിടത്തോളം പ്രാതിനിദ്ധ്യം ലഭിച്ചിട്ടില്ലാത്ത പട്ടികജാതികൾക്കോ

തസ്തികകളിൽ മതിയായിടത്തോളം പ്രാതിനിദ്ധ്യം ലഭിച്ചിട്ടില്ലാത്ത പട്ടികജാതികൾക്കോ പട്ടികഗോത്രവർഗ്ഗങ്ങൾക്കോ ഉദ്യോഗക്കയറ്റത്തിന്റെ സംഗതിയിൽ, അനന്തര ഫലമായുള്ള സീനിയോറിറ്റി സഹിതം സംവരണത്തിനുവേണ്ടി ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല.''

അനുച്ഛേദം 16 (4A)-യുടെ നടപ്പാക്കൽ സംബന്ധിച്ച് നിരവധി കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതികളിലും ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും ഫയൽ ചെയ്യപ്പെട്ടു. State of Maharashtra & ANR Vs Vijay Ghorge and ORS (SLP (C) No. 31288/2017 എന്ന കേസിൽ 5-6-2018-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചു.

**"It is made clear that the Union of India is not debarred from making promotions in accordance with law, subject to further orders, pending further consideration of the matter."**

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാർ 15-6-2018-ൽ എല്ലാ സംസ്ഥാന സർക്കാരുകൾക്കും നിർദ്ദേശം നൽകുകയുണ്ടായി. (Govt of India, Ministry of Personnel, Public Grievances and Pensions, Department of Personnel & Training). ഇതിൽ നിന്നും വ്യക്തമാകുന്നത് ബഹുമാനപ്പെട്ട സുപ്രീംകോടതിയും കേന്ദ്രസർക്കാരും പ്രൊമോഷനിൽ റിസർവേഷൻ നൽകുന്നതിന് അനുകൂലമായ നിലപാടാണ് സ്വീകിച്ചിരിക്കുന്നത് എന്നാണ്. ഈ സാഹചര്യത്തിൽ ഒരു പുതിയ സർവ്വീസ് ആയ ''കേരള അഡ്മിനിസ്ട്രേറ്റീ സർവ്വീസിലെ'' എല്ലാ സ്ട്രീമിലേക്കും റിസർവേഷൻ നൽകണം എന്ന ആവശ്യം നിയമപരമായി സാധുതയുള്ളതും, സാമാന്യ നീതിക്ക് നിരക്കുന്നതും, സാമൂഹികനീതി ഉറപ്പുവരുത്തുന്നതുമാണ് എന്ന് വ്യക്തമാണ്.

കെ.എസ്. & എസ്. എസ്.ആർ പ്രകാരം നിലവിലുള്ള സംവരണം പട്ടികജാതിക്കാർക്ക് 100-ൽ 8 പോസ്റ്റും പട്ടികഗോത്രവർഗ്ഗക്കാർക്ക് 2 പോസ്റ്റുമാണ്. എന്നാൽ കെ.എ.എസിലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പട്ടികജാതിക്കാർക്ക് 100-ൽ 2 പോസ്റ്റും പട്ടികഗോത്രവർഗ്ഗക്കാർക്ക് ഒരു പോസ്റ്റുപോലും കിട്ടാത്ത അവസ്ഥയും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇൻഡ്യൻ ഭരണഘടനയിലെ അനുച്ഛേദം 16(4A) അനുസരിച്ചും, 5/6/2018 SLP(C) No.31288/2017 എന്ന കേസിൽ ബഹു.സുപ്രീംകോടതി ഉത്തരവിന്റെയും, 15/6/2018-ൽ

കേന്ദ്രസർക്കാർ ബഹു.സുപ്രീംകോടതിയുടെ ഈ ഉത്തരവ് നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകിയതിന്റെയും അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സ്ട്രീം 2, സ്ട്രീം 3 എന്നീ വിഭാഗങ്ങളിലേക്കുള്ള ബൈട്രാൻസ്ഫർ എന്ന റിക്രൂട്ട്മെന്റിൽ സംവരണം നൽകേണ്ടതാണെന്ന് കമ്മീഷൻ തീരുമാനിക്കുന്നു.

ഇക്കാരണങ്ങളാൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ സ്ട്രീം-2, സ്ട്രീം-3 എന്നീ വിഭാഗങ്ങളിലെ റിക്രൂട്ടമെന്റുകളിൽ റിസർവ്വേഷൻ ബാധകമാക്കികൊണ്ടുള്ള ഭേദഗതികൾ വരുത്തുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ടതാണെന്നും അതു വഴി അധഃസ്ഥിത വിഭാഗക്കാരായ ജനതയക്ക് സാമൂഹിക നീതി ഉറപ്പു വരുത്തേണ്ടതാണെന്നും അതുവരെ ഈ സ്ട്രീമുകളിലേക്കുള്ള റിക്രൂട്ടുമെന്റ് നടപടികളുമായി മുന്നോട്ട് പോകരുതെന്നും സർക്കാരിനോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

**ഉത്തരവിന്റെ പകർപ്പുകൾ എല്ലാ കക്ഷികൾക്കും സൗജന്യമായി നൽകുക.**
**കമ്മീഷൻ സിറ്റിംഗിൽ 2018 ജൂൺ 22-ാം തീയതി പ്രഖ്യാപിച്ചത്./**

(ഒപ്പ്)
**ബി.എസ്.മാവോജി IAS(Rtd),**
**ചെയർമാൻ**

(ഒപ്പ്)
**എസ്. അജയകുമാർ എക്സ്.എം.പി, മെമ്പർ**
(ഒപ്പ്)
**അഡ്വ. സിജ പി.ജെ, മെമ്പർ**

ഹർജിഭാഗം ലക്ഷ്യരേഖ - Ext.A1 - ശ്രീ. വണ്ടിത്തടം മധു കമ്മീഷനിൽ നൽകിയ പരാതി.
എതിർ കക്ഷിഭാഗം ലക്ഷ്യരേഖ - Ext.B1 - ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട്.
Ext.B2 - അഡ്വക്കേറ്റ് ജനറൽ ബഹു.മുഖ്യമന്ത്രിക്ക് നൽകിയ 15/3/2018ലെ നിയമോപദേശം.
Ext.B3 - നിയമ വകുപ്പ് സെക്രട്ടറിയുടെ ഉപദേശം.
Ext.B4 - ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 13/6/2018ലെ കത്ത്.

(ഒപ്പ്)
**ബി.എസ്.മാവോജി IAS(Rtd),**
**ചെയർമാൻ**

**ഉത്തരവിൻ പ്രകാരം**

**രജിസ്ട്രാർ**
vp/28/6

അനുബന്ധം III

## കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ മുമ്പാകെ

എം.സി.ഒ.പി നം. 332/2017

തിയതി 5.4.2018

ഹാജർ

പി.കെ.ഹനീഫ (ചെയർമാൻ)

ഹർജിക്കാരൻ : എ.എം. അബൂബക്കർ
സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ
സംസ്ഥാന കമ്മിറ്റി
റൂം നമ്പർ. 205
സമസ്ത ജൂബിലി സൗധം
മേലേതമ്പാനൂർ, തിരുവനന്തപുരം – 1

എതിർകക്ഷികൾ : 1. സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

2. സെക്രട്ടറി
കേരള പബ്ലിക് സർവീസ് കമ്മീഷൻ
പട്ടം പാലസ് പി.ഒ.
തിരുവനന്തപുരം

## ഉത്തരവ്

ഹർജിക്കാരൻ കമ്മിഷൻ മുമ്പാകെ ബോധിപ്പിച്ച പരാതിയിൽ താഴെ പറയും പ്രകാരം പ്രസ്താവിക്കുന്നു.

2. സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(കൈ)നം.21/2017/ഉ.ഭ..പ.വ തിയതി 19.10.2017 പ്രകാരം കെ.എ.എസ് രൂപീകരിച്ച് നിയമനം നടത്തുന്നതിന് ആവശ്യമായ ചട്ടങ്ങൾ സർക്കാർ പ്രസിദ്ധീകരിച്ചിരിക്കുകയാണ്. നിയമനം നടത്തുന്നതിനുള്ള ഏജൻസി ആയി പി.എസ്.സി.യെ നിശ്ചയിച്ചിട്ടുണ്ട്. മേൽപറഞ്ഞ

ഉത്തരവ് പ്രകാരം മൂന്ന് തരത്തിലുള്ള നിയമനങ്ങളാണ് നടത്തുന്നത്. 1) നേരിട്ടുള്ള നിയമനം, 2)സർവ്വീസിലുള്ള ജീവനക്കാരുടെ നിയമനം, 3)ബൈ ട്രാൻസ്ഫർ നിയമനം. നേരിട്ടുള്ള നിയമനത്തിന് മാത്രം റിസർവേഷൻ ബാധകമാണ്. സർക്കാർ സർവീസിലുള്ള പ്രൊബേഷൻ പൂർത്തീകരിച്ച 21 വയസ് മുതൽ 40 വയസ് വരെയുള്ളവർക്ക് അപേക്ഷിക്കാം. ഇതിൽ ഡയറക്ട് റിക്രൂട്ട്മെന്റ് എന്ന് പറയുന്നുണ്ടെങ്കിലും സർക്കാർ സർവീസിലുള്ളവർ മാത്രം എഴുതുന്നത് കൊണ്ട് ഇതിനെ ബൈ ട്രാൻസ്ഫർ എന്നേ പറയാൻ പറ്റൂ. നേരിട്ടുള്ള നിയമനത്തിന് 21 വയസ് മുതൽ 32 വയസ് വരെ ആർക്കും അപേക്ഷിക്കാം. സർക്കാർ സർവീസിലുള്ള 50 വയസിൽ താഴെയുള്ള ഫസ്റ്റ് ഗസറ്റഡ് തസ്തികയിലുള്ളവർക്ക് അപേക്ഷിക്കാം. മൂന്ന് കാറ്റഗറിയിൽ നിന്നും 1/3 നിയമനം അഥവാ 99 തസ്തികയുണ്ടെങ്കിൽ ഓരോ കാറ്റഗറിക്കും 33 വീതം ലഭിക്കും. ഇതിൽ ആദ്യത്തെ കാറ്റഗറിക്ക് മാത്രം റിസർവേഷൻ ബാധകം. ഫലത്തിൽ 100 തസ്തികയിൽ നിയമനം നടക്കുമ്പോൾ 50 തസ്തിക കിട്ടിയിരുന്ന റിസർവേഷൻകാർക്ക് വെറും 16.5 തസ്തിക മാത്രമേ കിട്ടുകയുള്ളൂ. ഓർഡർ പ്രകാരം ഒന്നാം കാറ്റഗറിയിലും രണ്ടാം കാറ്റഗറിയിലും സംവരണമുണ്ട്. എന്നാൽ രണ്ടാം കാറ്റഗറിയിലുള്ളവരെ ബൈ ഡയറക്ട് എന്ന് വിളിച്ചാൽ കോടതിയിൽ ചോദ്യം ചെയ്യാൻ സാധ്യതയുണ്ട്. തത്ഫലമായി സംവരണം അട്ടിമറിക്കപ്പെടുന്നു. അതിനാൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സംവരണം നഷ്ടപ്പെടുത്തുന്ന സർക്കാർ നടപടി പിൻവലിച്ച് ന്യൂനപക്ഷങ്ങൾക്കും പിന്നോക്ക വിഭാഗത്തിനും അർഹമായ സംവരണം കെ.എ.എസ് നിയമനത്തിൽ ഉണ്ടാകാൻ വേണ്ട നടപടി എടുക്കണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

3. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടിൽ താഴെ പറയും പ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

സംസ്ഥാനത്ത് സിവിൽ സർവീസിന്റെ കാര്യക്ഷമതയും പ്രവർത്തനമികവും ഉയർത്തുന്നതിനും പ്രസ്തുത മേഖലയിൽ മദ്ധ്യതല സംവിധാനത്തിൽ യുവജനങ്ങൾക്ക് കൂടുതൽ പ്രാതിനിധ്യം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് 4.1.2017-ലെ സാ.ഉ.(എം.എസ്)നം.1/2017/ഉ.ഭ.പ.വ പ്രകാരം സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കുകയുണ്ടായി. ഇതുസംബന്ധിച്ച സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനായി സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി സമർപ്പിച്ച കരട് റൂളിന്റെ അടിസ്ഥാനത്തിൽ സർവീസ് സംഘടനകളുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യപ്പെട്ട കരട് സ്പെഷ്യൽ റൂൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് സമർപ്പിക്കുകയുമുണ്ടായി. പബ്ലിക് സർവീസ് കമ്മീഷനിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ഭേദഗതി വരുത്തിയ സ്പെഷ്യൽ റൂൾ സർവീസ് സംഘടനകളുമായി 13.12.2017 തിയതി നടത്തിയ ചർച്ചയുടെ കൂടി അടിസ്ഥാനത്തിൽ ഭേദഗതി വരുത്തി 26.12.2017-ൽ ചേർന്ന മന്ത്രിസഭാ യോഗം അന്തിമമായി അംഗീകരിക്കുകയുണ്ടായി. മൂന്ന് വിഭാഗങ്ങളിലായി നടത്തുന്ന പരീക്ഷയിലൂടെയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് നിയമനം നടത്തുന്നത്. ആയത് Stream I നേരിട്ടുള്ള നിയമനവും Stream II, III എന്നിവ ബൈ ട്രാൻസ്ഫർ മുഖേനയുള്ള നിയമനവുമാണ്. Stream II, III എന്നിവയിൽ നിലവിൽ സർക്കാർ ജീവനക്കാരായുള്ളവർക്ക് അപേക്ഷിക്കാവുന്ന വിധത്തിലാണ് ചട്ടങ്ങൾ തയാറാക്കിയിട്ടുള്ളത്. ഈ രണ്ട് വിഭാഗങ്ങൾക്കും അപേക്ഷിക്കുന്നവർക്ക് സംവരണത്തിന്റെ ആനുകൂല്യം ഒരുതവണ ലഭ്യമാക്കിയിട്ടുള്ളതിനാൽ വീണ്ടും പ്രസ്തുത വിഭാഗത്തിൽ സംവരണം നൽകുന്നത് ഇരട്ട സംവരണത്തിന്റെ ആനുകൂല്യം പ്രദാനം ചെയ്യുന്ന വിധത്തിലാവും. കേരള പബ്ലിക് സർവീസ് കമ്മീഷൻ അവരുടെ നിർദ്ദേശങ്ങളിൽ ഇത് സംബന്ധിച്ച് വ്യത്യസ്ത നിർദ്ദേശം നൽകിയിട്ടില്ല. സർക്കാരിന്റെ മറ്റൊരു വകുപ്പായ നാഷണൽ സേവിംഗ്സ് ഡിപ്പാർട്ട്മെന്റിന്റെ ഒന്നാം ഗസറ്റഡ് അസിസ്റ്റന്റ് ഡയറക്ടർമാരുടെ നിയമനം മൂന്ന് വിഭാഗമാ

യാണ് നടത്തുന്നത്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിന് സമാനമായ രീതിയിലാണ് പ്രസ്തുത നിയമനവും നടത്തുന്നത്. സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമായാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിന്റെ സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടുള്ളത്.

4. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിക്ക് വേണ്ടി ജോയിന്റ് സെക്രട്ടറി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടിൽ താഴെ പറയും പ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

ഭരണഘടനയുടെ 320(3) അനുച്ഛേദം അനുസരിച്ച് സംസ്ഥാന സർക്കാർ സർവീസിലേക്കുള്ള നിയമനചട്ടങ്ങൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട കമ്മീഷന്റെ ഉപദേശം തേടേണ്ടതുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിന്റെ കരട് ചട്ടം നിർമ്മിക്കുന്നതിന് തീരുമാനിച്ചുകൊണ്ട് 4.1.2017 തിയതിയിലെ ജി.ഒ.(എം.എസ്)1/17/പി&എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. മേൽ ഉത്തരവിൻപ്രകാരം കരട് ചട്ടം കമ്മീഷന്റെ ഉപദേശത്തിനായി ലഭ്യമാക്കി. കരട് ചട്ടത്തിന്മേലുള്ള കമ്മീഷന്റെ ഉപദേശം 6.11.2017–ലെ ഇതേ നമ്പർ കത്തിലൂടെ സർക്കാരിന് നൽകിയിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിന്റെ രൂപീകരണം, നിയമനരീതി, യോഗ്യത, സംവരണം തുടങ്ങിയ കാര്യങ്ങൾ ഇത് സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്നെങ്കിൽ മാത്രമേ അറിയുവാൻ കഴിയുകയുള്ളൂ.

5. കേരള സംസ്ഥാനത്ത് 4.1.2017–ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കുകയുണ്ടായി എന്നും മൂന്ന് വിഭാഗങ്ങളിലായി നടത്തുന്ന പരീക്ഷയിലൂടെയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് നിയമനം നടത്തുന്നതെന്നും Stream I നേരിട്ടുള്ള നിയമനവും Stream II, III എന്നിവ ബൈ ട്രാൻസ്ഫർ മുഖേനയുള്ള നിയമനവുമാണെന്നും Stream II, III വിഭാഗങ്ങളിലെ തസ്തികകൾക്ക് അപേക്ഷിക്കുന്നവർക്ക് സംവരണത്തിന്റെ ആനുകൂല്യം ഒരു തവണ ലഭ്യമാക്കിയിട്ടുള്ളതി

നാൽ വീണ്ടും സംവരണം നൽകുന്നത് ഇരട്ട സംവരണത്തിന്റെ ആനുകൂല്യം നൽകുന്ന വിധത്തിലാവും എന്നും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറി ബോധിപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് നടപ്പിലാക്കുമ്പോൾ നിലവിൽ 100 തസ്തിക യിൽ നിയമനം നടക്കുമ്പോൾ 50 തസ്തിക കിട്ടിയിരുന്ന റിസർവേ ഷൻകാർക്ക് വെറും 16.5 തസ്തിക മാത്രമേ കിട്ടുകയുള്ളൂവെന്നും അതിനാൽ സംവരണം നഷ്ടപ്പെടുത്തുന്ന സർക്കാർ നടപടി പിൻവലിച്ച് ന്യൂനപക്ഷ ങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും അർഹമായ സംവരണം കെ.എ.എസ്. നിയമനത്തിലുണ്ടാകണമെന്നുമാണ് ഹർജിക്കാരന്റെ ആവശ്യം.

6. തയാറാക്കിയിരിക്കുന്ന വിശേഷാൽ ചട്ടങ്ങൾ പ്രകാരം Stream I നേരി ട്ടുള്ള നിയമനവും ആ നിയമനങ്ങൾക്ക് റിസർവേഷൻ ബാധകവുമാണ്. Stream II, III എന്നിവയിൽ സർക്കാർ ജീവനക്കാരാണ് അപേക്ഷിക്കുന്നത്. ഈ വിഭാഗങ്ങളിൽ നിയമനം നടത്തുമ്പോൾ റിസർവേഷൻ നൽകുന്നില്ലെ ന്നാണ് ഹർജിക്കാരന്റെ പരാതി.

7. Stream II, III എന്നിവയിലെ തസ്തികകളിലേക്ക് അപേക്ഷിക്കുന്നത്, തയ്യാറാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം നിലവിൽ സർക്കാർ ജീവനക്കാരായതി നാൽ അവർക്ക് സംവരണത്തിന്റെ ആനുകൂല്യം ഒരു തവണ ലഭ്യമായിട്ടുള്ള തിനാൽ വീണ്ടും അവർക്ക് സംവരണം നൽകുന്നത് ഇരട്ട സംവരണത്തിന്റെ ആനുകൂല്യം പ്രദാനം ചെയ്യുന്ന വിധത്തിലാകും എന്നാണ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്നത്. എന്നാൽ ഈ വാദഗതി എത്രത്തോളം ശരിയാണെന്നതാണ് പ്രശ്നം. Stream II, III എന്നിവ യിൽ നടത്തുന്നത് പുതിയ നിയമനങ്ങളാണ്. ടി വിഭാഗങ്ങളിൽ നേരിട്ടുള്ള നിയമനം നടത്തുകയാണെങ്കിൽ നിയമനത്തിൽ സംവരണാനുകൂല്യം നൽക ണം. എന്നാൽ Stream II, III എന്നിവയിൽ സംവരണം നൽകാതിരിക്കുവാൻ പറയുന്ന കാരണം സംവരണത്തിന്റെ ആനൂകൂല്യം കിട്ടിയ നിലവിലെ

സർക്കാർ ജീവനക്കാരാണ് മേൽപറഞ്ഞ രണ്ടു വിഭാഗങ്ങളിലും അപേക്ഷിക്കുന്നത് എന്നാണ്. Stream II, III എന്നിവയിലേക്ക് സംവരണത്തിന്റെ ആനുകൂല്യം കിട്ടിയ നിലവിലുള്ള സർക്കാർ ജീവനക്കാർ അപേക്ഷ നൽകാതിരിക്കുകയോ അല്ലെങ്കിൽ സംവരണത്തിന്റെ ആനുകൂല്യം കിട്ടിയ സർക്കാർ ജീവനക്കാർ മേൽപറഞ്ഞ രണ്ടു വിഭാഗങ്ങളിലും അപേക്ഷിച്ചെങ്കിലും നിയമനം കിട്ടാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകാം. അങ്ങനെ സംഭവിച്ചാൽ Stream II, III വിഭാഗങ്ങളിലെ നിയമനങ്ങളിൽ സംവരണത്തിന്റെ ആനുകൂല്യം കിട്ടേണ്ട വിഭാഗങ്ങളുടെ പ്രാതിനിധ്യം കുറയുകയോ തീരെ ഉണ്ടാകാതിരിക്കുകയോ ചെയ്യാം. ഇങ്ങനെ ഒരവസ്ഥ ഉണ്ടായാൽ ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സംവരണാവകാശം Stream II, III വിഭാഗങ്ങളിൽ നടത്തുന്ന നിയമനങ്ങളിൽ നിഷേധിക്കപ്പെടും. Stream II, III വിഭാഗങ്ങളിൽ നടത്തുന്ന നിയമനങ്ങളിൽ സംവരണത്തിന്റെ ആനുകൂല്യം കിട്ടേണ്ട ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം കുറയുകയോ തീരേ ഉണ്ടാകാതിരിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ നിലവിൽ അംഗീകരിച്ചിട്ടുള്ള സംവരണതത്വം പാലിക്കുന്നതിന് വിശേഷാൽ ചട്ടങ്ങളിൽ ഒന്നും പറഞ്ഞുകാണുന്നില്ല. ഈ സാഹചര്യത്തിൽ Stream II, III വിഭാഗങ്ങളിൽ നിയമനം നടത്തുമ്പോൾ ന്യൂനപക്ഷങ്ങൾക്കും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും അർഹതപ്പെട്ട സംവരണാനുകൂല്യം നൽകുന്നതിനുവേണ്ട നടപടികൾ സർക്കാർ എടുക്കേണ്ടത് നീതിന്യായപൂർത്തിക്ക് അനുപേക്ഷണീയമായ ഒന്നാണെന്ന് കമ്മീഷൻ കരുതുന്നു.

8. കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 9(സി) വകുപ്പ് പ്രകാരം ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണവ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതിയിന്മേൽ അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും പരിഹാര നടപടി നിർദേശി

ക്കുകയും അതു സംബന്ധിച്ച തുടർനടപടികൾ നിരീക്ഷിക്കുകയും ചെയ്യുക എന്നത് കമ്മീഷന്റെ ചുമതലയിൽപ്പെട്ടതാണ്.

9. മേൽപറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്ത് Stream II, III വിഭാഗങ്ങളിൽ നിയമനം നടത്തുമ്പോൾ അർഹതപ്പെട്ട വിഭാഗങ്ങൾക്ക് സംവരണാനുകൂല്യം നൽകുന്നതിന് വേണ്ട നടപടികൾ സർക്കാർ എടുക്കേണ്ടത് നീതി ന്യായ പൂർത്തിക്ക് അത്യന്താപേക്ഷിതമാണെന്ന് കമ്മീഷൻ കരുതുന്നതിനാൽ ഈ ഹർജിയിൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റിലെ 9 (സി) വകുപ്പ് പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന പരിഹാര നടപടി നിർദ്ദേശിക്കുന്നു.

> പുതിയതായി സർക്കാർ രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ Stream II, III വിഭാഗങ്ങളിൽ നിയമനം നടത്തുമ്പോൾ ന്യൂനപക്ഷങ്ങൾക്കും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും അർഹതപ്പെട്ട സംവരണാനുകൂല്യം നൽകുന്നതിന് വേണ്ട നടപടികൾ സർക്കാർ എടുക്കേണ്ടത് നീതിന്യായ പൂർത്തിക്ക് അനുപേക്ഷണീയമായ ഒന്നാണെന്ന് കമ്മീഷൻ കരുതുന്നതിനാൽ ടി കാര്യം ബഹുമാനപ്പെട്ട കേരള സർക്കാരിന്റെ സജീവ പരിഗണനയ്ക്കായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറി അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
പി.കെ.ഹനീഫ
ചെയർമാൻ

സെക്ഷൻ ഓഫീസർ

നം.8608/ഒപ്പീനിയൻ ഇ 1/2018/നിയമം
നം.AR 12(1)/83/2018/P&ARD.

നിയമ (ഉപദേശ-ഇ) വകുപ്പ്
30/04/2018

11. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ടുന്നവർക്ക് അർഹമായ സംവരണം നൽകണമെന്നും സ്ട്രീം 2,3 എന്നീ വിഭാഗങ്ങളിലും സംവരണതത്ത്വം പാലിക്കണമെന്നുമുള്ള ആവശ്യം സംബന്ധിച്ച വിഷയത്തിന്മേലാണ് പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ സർക്കാരിന്റെ വിശദീകരണം തേടിയിരിക്കുന്നത്.

12. ഇന്ത്യൻ ഭരണഘടനയിലെ അനുഛേദം 16(4 എ) പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആനുപാതികമായ പ്രാതിനിധ്യം ഇല്ലായെന്ന് ബോദ്ധ്യപ്പെട്ടുന്നപക്ഷം നിയമനത്തിനു മാത്രമല്ല പ്രൊമോഷനിലും സംവരണം ഏർപ്പെട്ടുത്താവുന്നതാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ച് അശോകകുമാർ താക്കൂർ അഭി യൂണിയൻ ഓഫ് ഇന്ത്യ (2008) 6 SCC 1: *MANU/SC/1397/2008, UP Power Corporation LTD v. Rajesh Kumar & others (MANU/SC/0334/2012)* എന്നീ വിധിന്യായങ്ങളിൽ ബഹു. കോടതിയുടെ ഈ വിഷയത്തിലുള്ള നിരീക്ഷണം ചൂണ്ടികാട്ടിയിട്ടുണ്ട്.

> "*Equality in Article 16(1) is individual – specific whereas reservation in Article 16(4) and Article 16(4)-A is enabling. The discretion of the State is, however, subject to the existence of "backwardness" and "inadequacy of representation" in public employment. Backwardness has to be based on objective factors whereas inadequacy has to factually exist.*
>
> x x x x x x x x x x x x x x x x x x x x x x
>
> "*The object in enacting the enabling provisions like Articles 16(4), 16(4A) and 16(4B) is that the State is empowered to identify and recognize the compelling interests. If the State has quantifiable data to show backwardness and inadequacy then the State can make reservations in promotions keeping in mind maintenance of efficiency which is held to be a constitutional limitation on the discretion of the State in making reservation*

*as indicated by Article 335. As stated above, the concepts of efficiency, backwardness, inadequacy of representation are required to be identified and measured*".

14) ചട്ടത്തിന്റെ തലക്കെട്ട് എന്തു തന്നെ നൽകപ്പെട്ടാലും നിയമന രീതി നേരിട്ടുള്ള മത്സരപ്പരീക്ഷയിലൂടെയാണ്. സർക്കാർ ജീവനക്കാർക്കായി ആ വിഭാഗത്തിൽ മത്സരം പരിമിതപ്പെടുത്തിയിരിക്കുന്നു എന്നേയുള്ളൂ. നാൽപതു വയസ്സുവരെ അപേക്ഷിക്കാമെന്നതും സംവരണാനുകൂല്യം ആഗ്രഹിക്കുന്ന നിലവിലുള്ള സർക്കാർ ജീവനക്കാർക്ക് അതു ലഭിക്കാൻ നിലവിലുള്ള തൊഴിൽ രാജിവച്ച് ഒന്നാം സ്കീമിലും മത്സരിക്കലാണ് ഏക പ്രതിവിധി. ഈ വ്യവസ്ഥയും കോടതിയിൽ അരനാഴിക പിടിച്ചു നിൽക്കുമെന്നു തോന്നുന്നില്ല. ഉയർന്ന തൊഴിലിലെ ഭരണഘടനാവകാശം ലഭിക്കാനുള്ള ജീവസന്ധാരണം തന്നെ രാജിവച്ചൊഴിയണം എന്നാണ് ചട്ടങ്ങൾ നിർബന്ധിക്കുന്നത്. മൂന്നാം വിഭാഗത്തിൽ ഗസറ്റഡ് അഥവാ അതിലുയർന്ന തസ്തികയിലുള്ള 50 വയസ്സുവരെയുള്ള സർക്കാർ ജീവനക്കാരെ മാത്രമാണ് പരിഗണിക്കുന്നത്. ഇതു ഒരു 'ബൈ ട്രാൻസ്ഫർ നിയമന'മാണെന്നാണ് സ്പെഷ്യൽ റൂൾ പറയുന്നത്. 28 (ബി) വകുപ്പിൽപ്പെടുന്ന ബൈട്രാൻസ്ഫർ നിയമനം മത്സരപ്പരീക്ഷ വഴിയല്ല നടത്തേണ്ടത്. അത് മെരിറ്റ് കം എബിലിറ്റി അടിസ്ഥാനത്തിൽ അർഹതയുള്ളയാളിന് സീനിയോരിറ്റി അടിസ്ഥാനത്തിൽ നടത്തുന്ന പ്രൊമോഷനാണ്. ഇവിടെ പുതിയ മത്സരപ്പരീക്ഷ വഴി പുതിയ 'റാങ്ക് ലിസ്റ്റ്' തന്നെ രൂപം കൊള്ളുകയാണ്. ഡി.പി.സി രൂപീകരിക്കുന്ന സെലക്ട് ലിസ്റ്റല്ല ഇവിടെ കെ.ഏ.എസ്സിൽ രൂപം കൊള്ളുന്നത്. ഈ വ്യത്യാസവും പരിഗണിക്കേണ്ടതുണ്ട്.

15) കെ.എ.എസ്സിൽ 1/3 പൊതുമാർക്കറ്റിൽ നിന്നുമുള്ള ബിരുദധാരികളാണ്. അവയിൽ കെ.എസ്.എസ്.ആർ 14 മുതൽ 17 വരെ 50% സാമുദായിക സംവരണം ബാധകമാണ്. 1/3 പ്രൊമോഷനാണ്. ഭരണഘടനയുടെ 16(4) അനുച്ഛേദം ഇപ്രകാരം പറയുന്നു.

Article 16 (4) - *"Nothing in this article shall prevent the State from making any provision for the reservation of appointments or posts in favour of any backward class of citizens which, in the opinion of the State, is not adequately represented in the services under the State."*

*Article 16 (4-A) - "Nothing in this article shall prevent the State from making any provision for reservation in matters of promotion [with consequential seniority,] to any class or classes of posts in the services under the State in favour of the Scheduled Castes and the Scheduled Tribes which, in the opinion of the State, are not adequately represented in the services under the State."*

അശോകകുമാർ താക്കൂർ അഭി യൂണിയൻ ഓഫ് ഇന്ത്യ (2008) 6 SCC 1: MANU/SC/1397/2008 എന്ന കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ച് ഭരണഘടനയുടെ സംവരണ തത്വങ്ങൾ അടങ്ങുന്ന 16 (4), 16 (4) (എ) അനുച്ഛേദത്തെപ്പറ്റി സമഗ്രമായി അപഗ്രഥിച്ച് വിധി പ്രസ്താവിക്കുകയുണ്ടായി. 93-ാം ഭരണഘടനാ ഭേദഗതിയിൽ ബഹു. സുപ്രീംകോടതി മേൽപ്പറഞ്ഞ അശോകകുമാർ താക്കൂർ കേസ്സിൽ ഇപ്രകാരം പറയുകയുണ്ടായി.

*"It is important to bear in mind the nature of constitutional amendments. They are curative by nature. Article 16(4) provides for reservation for Backward Classes in cases of inadequate representation in public employment. Article 16(4) is enacted as a remedy for the past historical discrimination against a social class. The object in enacting the enabling provisions like Articles 16(4), 16(4-A) and 16(4-B) is that the State is empowered to identify and recognise the compelling interests. If the State has quantifiable data to show backwardness and inadequacy then the State can make reservations in promotions keeping in mind maintenance of efficiency which is held to be a constitutional limitation on the discretion of the State in making reservation as indicated by Article 335."*

നം.8608/ഒപ്പീനിയൻ ഇ 1/2018/നിയമം
നം.AR 12(1)/83/2018/P&ARD.

നിയമ (ഉപദേശ-ഇ) വകുപ്പ്
30/04/2018

(7) ഇപ്പോൾ 100 ൽ 6 പോസ്റ്റുകളാണ് SC/ST വിഭാഗങ്ങൾക്ക് KSSR പ്രകാരം സംവരണം ചെയ്യപ്പെട്ടിട്ടുള്ളത്. അത് സ്കീം ഒന്നിലും രണ്ടിലും SC/ST വിഭാഗങ്ങളെ ഒഴിവാക്കിയാൽ സംവരണാനുകൂല്യം 2/100 ആയി മാറും.

(8) അതുകൊണ്ട് SC/ST വിഭാഗങ്ങൾക്ക് സംവരണം പ്രൊമോഷന്റെ കാര്യത്തിലും കൊടുക്കാവുന്നതാണ്. അതുപോലെ തന്നെ SC/ST വിഭാഗങ്ങൾക്ക് By transfer എന്ന സ്കീമിലും സംവരണം കൊടുക്കാവുന്നതാണ്. കാരണം അത് മൽസര പരീക്ഷയുടെ അടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനം തന്നെയാണ്, By transfer എന്ന സ്കീമിലും ഉള്ളത്.

ബി.ജി.ഹരീന്ദ്രനാഥ്
നിയമ സെക്രട്ടറി

സെക്ഷൻ ഓഫീസർ